RPL/S/1416/2024 2090 17.12.2024

**റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ് (ആർ. പി. എൽ.)**

കുളത്തൂപ്പുഴ എസ്റ്റേറ്റ്

ആർ.പി.എൽ വക കുളത്തുപ്പുഴ എസ്റ്റേറ്റിലേക്കു വിവിധ കളക്റ്റിംഗ് സ്റ്റേഷനിൽ ശേഖരിച്ചു വക്കുന്ന റബ്ബർ ലാറ്റക്സ് വാഹനത്തിൽ കയറ്റി കമ്പനിയുടെ കുളത്തുപ്പുഴ എസ്റ്റേറ്റ്, അഭയഗിരി ഫാക്ടറിയിൽ എത്തിക്കുന്നതിനായി ഗുഡ്സ് പെർമിറ്റ് ഉള്ള 15 വർഷത്തിൽ താഴെ പഴക്കമുള്ള 9000 ലിറ്റർ കുറയാതെ ശേഷി ഉള്ള ഒരു ടാങ്കർ ലോറി ആറു മാസത്തേക്ക് വാടകയ്ക്ക് നൽകുന്നതിനുള്ള ടെണ്ടറുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചു കൊള്ളുന്നു. വിശദവിവരങ്ങൾ കമ്പനിയുടെ പുനലൂർ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ടെണ്ടറുകൾ 30.12.2024 വൈകുന്നേരം 5.00 മണി വരെ നിശ്ചിത തുക അടച്ച് വാങ്ങാവുന്നതാണ്.പൂരിപ്പിച്ച ടെണ്ടറുകൾ ലഭിക്കേണ്ട അവസാന തീയതി 31.12.2024 പകൽ 3.00. മണി വരെ. ടെണ്ടറുകൾ തുറക്കുന്നത് അന്നേദിവസം 3.30 ന് ആയിരിക്കും.

**ടെണ്ടർ നിബന്ധനകൾ**

1. രാവിലെ റബ്ബർ മരങ്ങളുടെ ടാപ്പിംഗ് കഴിഞ്ഞതിനു ശേഷം കളക്റ്റിംഗ് സ്റ്റേഷനുകളിലെ ടാങ്കിൽ ശേഖരിച്ചു വയ്ക്കുന്ന റബ്ബർപാൽ (ലാറ്റക്സ്) അതാതു ദിവസങ്ങളിൽ തന്നെ വിവിധ കളക്റ്റിംഗ് സ്റ്റേഷനിൽ നിന്നും വാഹനത്തിൽ കയറ്റി അഭയഗിരി ഫാക്ടറിയിൽ എത്തിക്കുന്നതിനുള്ള വാഹനം ഡ്രൈവറോടുകൂടി കരാറുകാരൻ നൽകേണ്ടതാണ്.
2. ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജർ/ഡെപ്യൂട്ടി മാനേജരുടെ നിർദ്ദേശപ്രകാരം വേണം റബ്ബർപാൽ (ലാറ്റക്സ്) കളക്റ്റിംഗ് സ്റ്റേഷനിൽ നിന്നും ശേഖരിച്ച് ഫാക്ടറിയിൽ എത്തിക്കേണ്ടത്
3. ഓരോ മാസത്തിലും വാഹനം ഓടേണ്ടി വരുന്ന ഏകദേശം ദൂരം താഴെ കാണിച്ചിരിക്കുന്നു. വാഹനം ഓടേണ്ട റോഡുകളും റോഡിന്റെ അവസ്ഥയും കരാറുകാരൻ നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതും, ടെണ്ടർ സമർപ്പിച്ചശേഷം ഇതു സംബന്ധിച്ച പരാതികൾ ഉന്നയിക്കാൻ പാടില്ലാത്തതുമാണ്

| Vehicle type | ഓടേണ്ട ദൂരം (കിലോമീറ്റർ)<br>ഒരു മാസം ശരാശരി |
|---|---|
| Tanker Lorry<br>(9000 litre capacity minimum) | 1100<br>(One thousand one hundred kilometers) |

മുകളിൽ പറഞ്ഞിരിക്കുന്ന ദൂരത്തിനേക്കാൾ അധികമായി ഓരോമാസവും ഓടേണ്ടി വരുന്ന ദൂരത്തിനു കിലോമീറ്റർ ഒന്നിന് എന്ന പ്രകാരം നിരക്ക് കരാറുകാരൻ പ്രതേകം ക്വോട്ട് ചെയ്യേണ്ടതാണ്.

4. വാഹനം ഡ്രൈവറുൾപ്പെടെ നൽകുന്നതിന് കമ്പനി ഒരു മാസം നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെണ്ടറിൽ GST ഉൾപ്പടെ കാണിക്കേണ്ടത്.
5. ടെണ്ടർ ഉറപ്പിച്ചു നൽകുന്ന തീയതി മുതൽ ആറു മാസമായിരിക്കും കാലാവധി. എങ്കിലും വാഹനം ആവശ്യമില്ല എന്നുകണ്ടാൽ കാലാവധി തീരുന്നതിന് മുൻപായി, 7 ദിവസത്തെ നോട്ടീസിന്മേൽ എപ്പോൾ വേണമെങ്കിലും കരാർ വേണ്ടെന്ന് വയ്ക്കുന്നതിനും പിൻമാറുന്നതിനും, കമ്പനിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അപ്രകാരം ചെയ്യുന്നതാകയാൽ യാതൊരുവിധ നഷ്ടപരിഹാരത്തിനും കരാറുകാരൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
6. ലാറ്റക്സ് കുറവുള്ള സമയങ്ങളിലും, വാഹനം ആവശ്യമില്ലാത്ത മറ്റ് അവസരങ്ങളിലും വിവരം മുൻകൂറായി ടെലഫോൺ മുഖാന്തിരം എസ്റ്റേറ്റ് മാനേജർ/ഡെപ്യൂട്ടി മാനേജർ, കരാറുകാരനെ അറിയിക്കുന്നതും ഈ ദിവസങ്ങളിൽ വാഹനം നൽകേണ്ടതില്ലാത്തതുമാണ്
7. വാഹനം ഉപയോഗിക്കുന്ന കിലോമീറ്റർ റീഡിങ് ലോഗ് ബുക്കിൽ രേഖപ്പെടുത്തി കൃത്യമായി കമ്പനിയാധികാരികളുടെ സാക്ഷ്യപ്പെടുതലോടുകൂടി സൂക്ഷിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട യാതൊരു വിധ അവകാശവാദങ്ങളും ഉന്നയിക്കാൻ കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.
8. കമ്പനിക്ക് വാടകയ്ക്ക് നൽകാൻ ഉദ്ദേശിക്കുന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റിന്റെ പകർപ്പ് ടെണ്ടറിനോടോപ്പും സമർപ്പിക്കുകയും കരാറുകാരൻ എഗ്രിമെന്റ് വയ്ക്കുമ്പോൾ ഒറിജിനൽ ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത വാഹനം മാത്രമേ ലാറ്റക്സ് കൊണ്ട് വരുമ്പോൾ ഉപയോഗിക്കുവാൻ പാടുള്ളു. അത്യാവശ്യ ഘട്ടങ്ങളിൽ മറ്റ് വാഹനം ഉപയോഗിക്കണമെങ്കിൽ ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജർ/ഡെപ്യൂട്ടി മാനേജരുടെ മുൻകൂർ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഇപ്രകാരം ബദൽ സംവിധാനം കരാറുകാരന് സാധിക്കാതെവന്നാൽ. കമ്പനി ബദൽ സംവിധാനം ഏർപെടുത്തുന്നവഴി വരുന്ന ചെലവ്/ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും. ഇപ്രകാരം ബദൽ സംവിധാനം ഏർപെടുത്തുമ്പോൾ കമ്പനിക്കു ചെലവാകുന്ന തുക കരാറുകാരൻറെ തുകയേക്കാൾ കുറവായാൽ ആയതിൽ കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

9. കരാറുകാരനോ ടിയാളുടെ ജീവനക്കാരോ കമ്പനിയിലെ അച്ചടക്ക നിയമങ്ങൾക്ക് വിരുദ്ധമായ നടപടികളിൽ ഏർപ്പെട്ടതായി കണ്ടാൽ മുന്നറിയിപ്പു കൂടാതെ കരാർ റദ്ദാക്കുന്നതും കരാറുകാരന്റെ പേരിൽ ക്രിമിനൽ ശിക്ഷാനിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതും വാഹനം കസ്റ്റഡിയിൽ വയ്ക്കുന്നതും ആയിരിക്കും.

10. കരാറുകാരൻ ടെണ്ടർ ഉറപ്പിച്ച് കിട്ടിയതിനുശേഷം എഗ്രിമെന്റ് വയ്ക്കാതെയും വാഹനം നൽകാതെയും പിൻമാറുകയാണെങ്കിൽ കരാറുകാരൻ എഴുതി തന്നിരിക്കുന്ന ടെണ്ടർ പത്രികയേയും ടെണ്ടർ കണ്ടീഷനേയും, ടെണ്ടർ നോട്ടീസിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിച്ചുകൊണ്ടുള്ള എഗ്രിമെന്റായി പരിഗണിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കമ്പനി നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും

11. ആവശ്യമുള്ള ദിവസങ്ങളിൽ രാവിലെ വാഹനം ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജർ/ഡെപ്യൂട്ടി മാനേജർ ആവശ്യപ്പെടുന്ന സ്ഥലത്ത് എത്തേണ്ടതും അന്നേ ദിവസത്തെ ആവശ്യം കഴിഞ്ഞതിനു ശേഷം മാത്രം തിരികെ പോകാവുന്നതും ആണ്.

12. വാഹനത്തിന് വേണ്ടി വരുന്ന അറ്റകുറ്റപണികൾ അപ്പപ്പോൾ തന്നെ കരാറുകാരൻ ചെയ്യേണ്ടതാണ്. വാഹനത്തിന്റെ ഇന്ധനം, അറ്റകുറ്റപണികൾ, ഡ്രൈവറുടെ വേതനം തുടങ്ങിയവയുടെ ചിലവിൽ കമ്പനിക്ക് യാതൊരു ഉത്തരവാദിത്വവും ഇല്ലാത്തതും കരാറുകാരന്റെ മാത്രം ബാദ്ധ്യത ആയിരിയ്ക്കുന്നതുമാണ്.

13. കരാറുകാരന്റെ നടപടി, പെരുമാറ്റം, വാഹനത്തിന്റെ ഉപയോഗക്ഷമത മുതലായവയിൽ അതൃപ്തി തോന്നിയാൽ കമ്പനിക്ക് ഏതു സമയത്തും കരാർ റദ്ദാക്കി ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിന് പൂർണ്ണ അവകാശം ഉണ്ടായിരിയ്ക്കുന്നതാണ്.

14. വാഹനത്തിന്റെ ഡ്രൈവർ സാധുവായ ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് എന്നിവ ഉള്ള ആളായിരിക്കണം. വണ്ടിക്ക് കാലാകാലങ്ങളിൽ അടക്കേണ്ട നികുതി, ഇൻഷ്വറൻസ് എന്നിവ അടച്ച രസീത്, പുക പരിശോധന സർട്ടിഫിക്കേറ്റ് എന്നിവ കാലാനുസൃതവും ന്യൂനതാ രഹിതമായിരിക്കേണ്ടതാണ്. വാഹനത്തിൽ ഡ്രൈവർ കൂടാതെ കമ്പനി നിയോഗിക്കുന്ന ഒരു സഹായി കൂടി മാത്രമെ ഉണ്ടായിരിക്കാൻ പാടുള്ളു. കരാറുകാരൻ നിയമിക്കുന്ന ഡ്രൈവറുമായി കമ്പനിക്ക് ഏതു സമയത്തും ബന്ധപ്പെടാൻ മൊബൈൽ ഫോൺ സൗകര്യം ഉണ്ടായിരിക്കേണ്ടതും ആവശ്യമെങ്കിൽ കരാറുകാരന്റെ ചിലവിൽ തന്നെ നൽകേണ്ടതുമാണ്. കരാറുകാരൻ നിയമിക്കുന്ന ഡ്രൈവർ കമ്പനിയ്ക്ക് തൃപ്തികരമല്ലെങ്കിൽ ഉടനടി മാറ്റിത്തരേണ്ടതാണ്.

15. കരാറുകാരനാൽ നിയോഗിക്കപ്പെടുന്ന എല്ലാ തൊഴിലാളികളുടേയും നിയമാനുസൃതം എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലേക്കുള്ള പ്രതിമാസ വിഹിതം അടയ്ക്കുകയും, രസീതിന്റെ പകർപ്പ് തുക അടച്ച് പത്ത് ദിവസങ്ങൾക്കുള്ളിൽ കമ്പനിയുടെ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം, നിയമപ്രകാരമുള്ള പ്രൊവിഡന്റ് ഫണ്ട് വിഹിതവും സർചാർജ്ജും അടക്കമുള്ള സംഖ്യ കരാറുകാരന് കമ്പനിയിൽ നിന്നും ലഭിക്കാനുള്ള തുകയിൽനിന്നോ, മറ്റേതെങ്കിലും വിധത്തിലോ ഈടാക്കി പ്രൊവിഡന്റ് ഫണ്ട് ഓഫീസിലേക്കു അടയ്ക്കുന്നതും ഇതു സംബന്ധമായി ഉണ്ടാകാവുന്ന ഏതു അവകാശവാദവും സാമ്പത്തിക ബാധ്യതകളും കരാറുകാരന്റെ ഉത്തരവാദിത്വത്തിലായിരിക്കുന്നതുമാണ്

16. ടെണ്ടർ ജോലിയുമായി ബന്ധപ്പെട്ട് വരുന്ന എല്ലാ നിയമാനുസൃതമായ കരങ്ങളും ഒടുക്കേണ്ട ചുമതല കരാറുകാരനിൽ മാത്രം നിക്ഷിപ്തം ആയിരിക്കും.

17. കരാറുകാരൻ യുക്തമായ കാരണം കൂടാതെ ഏതെങ്കിലും രീതിയിൽ കരാർ ലംഘിക്കുകയാണെങ്കിൽ ടി കരാറുകാരനെ കമ്പനിക്ക് യുക്തമെന്ന് തോന്നുന്ന കാലത്തേക്ക് കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.

18. കരാറുകാരന്റെ വാഹനം മുഖേന അപകടങ്ങളോ മരണമോ, വാഹനത്തിന് കേടുപാടുകളോ സംഭവിച്ചാൽ അതിന് കമ്പനി യാതൊരു വിധത്തിലും ഉത്തരവാദി ആകുന്നതല്ല. മോട്ടോർ വാഹന നിയമമോ, മറ്റു നിലവിലുള്ള നിയമങ്ങൾ മൂലമോ, വരുന്ന യാതൊരുവിധ ക്ലെയിമുകളും കമ്പനി പരിഗണിക്കുന്നതല്ല. ഇവകളുടെ പൂർണ്ണ ഉത്തരവാദിത്വം കരാറുകാരനായിരിക്കും

19. ഓരോ മാസത്തേയും കരാർ പ്രകാരമുള്ള വാടക തുക തൊട്ടടുത്ത മാസത്തിൽ കരാറുകാരന്റെ അപേക്ഷയുടെയും കമ്പനി അധികാരിയുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ നൽകുന്നതാണ്. ഏതെങ്കിലും ദിവസം കരാർ നൽകിയ വാഹനം ലഭ്യമാക്കുന്നതിന് സാധിക്കാതെവന്നാൽ വീഴ്ച വരുത്തിയാൽ സ്വന്തം ഉത്തരവാദിത്വത്തിൽ കരാറുകാരൻ പകരം വാഹനം ലഭ്യമാക്കേണ്ടതാണ്. ആയതിനു അകാരണമായ കാലതാമസം വരുത്തുകയോ വീഴ്ച വരുത്തുകയോ ചെയ്താൽ കമ്പനി സ്വന്തം നിലക്ക് വാഹനം ലഭ്യമാക്കേണ്ടിവന്നാൽ ആയതിന്റെ ചിലവ് കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്. ഇപ്രകാരം വാഹനം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയാൽ കരാറുകാരന്റെ ചെലവിൽ ബദൽ സംവിധാനം ഏർപെടുത്തുന്നതായിരിക്കും.

20. ആധാർ കാർഡ് പാൻ കാർഡ് / ഇലക്ഷൻ കാർഡ്/ ഡ്രൈവിംഗ് ലൈസൻസ് / പാസ്പോർട്ട് ഇവയിൽ ഏതിന്റെ എങ്കിലും ഒരു കോപ്പി തിരിച്ചറിയാലിനുവേണ്ടി റെൻഡറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

21. കരാറിൽ നിന്ന് കരാറുകാരൻ പിൻമാറുകയോ കരാറിന് വിരുദ്ധമായി പ്രവർത്തിക്കുകയോ ചെയ്താൽ കരാർ റദ്ദാക്കി കരുതൽ ധനം കമ്പനിയിലേക്ക് കണ്ടു കെട്ടുകയും കരാറുകാരന്റെ നഷ്ടോത്തരവാദിത്തിൽ ബദൽ സംവിധാനം ഏർപ്പെടുത്തുന്നതുമാണ്. ആയതു മൂലം കമ്പനിക്കുണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കുന്നതുമാണ്

22. ടെണ്ടറുകൾ 10000/-രൂപ ( പതായിരം രൂപ) നിരതദ്രവ്യം അടച്ച് ടെണ്ടർ സമർപ്പിക്കുന്നയാളിന്റെ തിരിച്ചറിയൽ രേഖകൾ സഹിതം .2024 ഉച്ചക്ക് 3.00 മണി വരെ ഹെഡ് ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം തന്നെ ഉച്ചക്ക് 3.30 ന്, ടെൻഡർ സമർപ്പിച്ചു ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ തുറക്കുന്നതുമായിരിക്കും.

23. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

24. ടെണ്ടർ ഉറപ്പിച്ചു കിട്ടുന്ന ആൾ ടെണ്ടർ ഉറപ്പിച്ചു കിട്ടി 3 ദിവസത്തിനകം 10000/-രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റ് അടച്ച് 200/- രൂപ മുഖവിലയുള്ള മുദ്രപത്രത്തിൽ കരാർ വച്ച് വർക്ക് ഓർഡർ കൈപ്പറ്റിയശേഷം ജോലി തുടങ്ങേണ്ടതാണ്.

25. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം ടെണ്ടർ നടത്താൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സ്ഥലത്തും, സമയത്തും ടെണ്ടർ നടത്തുന്നതാണ്.

26. ഏതെങ്കിലും മാസം കരാറെടുത്ത വാഹനം ശരാശരി കിലോമീറ്റർ തികച്ച് ഓടാതിരിക്കുകയാണെങ്കിൽ മിച്ചമുള്ള കിലോമീറ്ററുകൾ അടുത്ത മാസത്തിലേക്ക് കാരി ഓവർ ചെയ്യുന്നതായിരിക്കും. ഇപ്രകാരം പരമാവധി ആറുമാസം വരെ കാരി ഓവർ ചെയ്യുന്നതായിരിക്കും.

27. ഒരു ടെൻഡർ ഫോമിന്റെ വില Rs.590/- (500/- + 18% GST) ആയിരിക്കും.

28. കരാറുകാരൻ വാഹനത്തിന്റെ നമ്പർ പ്ലേറ്റുകളുടെ സമീപത്തായി "ON CONTRACT WITH RPL" "ആർ.പി.എൽമായിട്ടുള്ള കരാറിൽ" എന്ന ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്.

ഒപ്പ്

മാനേജിംഗ് ഡയറക്ടർ

**REHABILITATION PLANTATIONS LTD,PUNALUR - 691 305**

TENDER FORM FOR HIRING OF TANKER LORRY

NOTIFICATION NO.**RPL/s/1416//2024/** dtd .17.12 .2024 For Tanker Lorry

**TENDER Dtd.31.12.2024**

1.Name and address of the Tenderer :

2.Telephone No :

3.GST No. (if any) :

| Sl.No. | Vehicle type | Rate Quoted in | |
|---|---|---|---|
| | | Figures + GST | Words + GST (Rupees) |
| 1. | Tanker for (1100Km) With driver for one month | | |
| 2. | Rate for Running above 1100 km | | |

I/ We hereby accept all the terms and conditions attached herewith.

Place:

Signature

Date: